ഭാഗം3-XI, XII വരെ ക്ലാസ്സുകൾ

- ആരോഗ്യവും പൂർണ്ണതൃപ്തി എന്ന ആശയവും
- ആരോഗ്യവും അഭിരുചിയും
- മനുഷ്യശരീരവും അതിന്റെ പ്രവർത്തനരീതിയും, വ്യായാമത്തിന്റെ ഫലവും മനുഷ്യശരീരത്തിന്റെ പ്രവർത്തനരീതിയും
- മയക്കുമരുന്നും മരുന്നും
- ആരോഗ്യ സംബന്ധിയായ കാര്യക്ഷമത
- കായികരംഗത്തെപുണ്ണ്, സ്പോർട്സിലെ പങ്കാളിത്തംമൂലമുള്ള പരിക്കുകൾ

(സി) ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു :

- ചെറുപ്പം മുതലേ നല്ല ആരോഗ്യ കായിക സംസ്കാരം വളർത്തിയെടുക്കുക.
- വ്യക്തിയുടെ സമ്പൂർണ്ണ വികസനം സാധ്യമാക്കുന്നതിന് വേണ്ടിയുള്ള ആരോഗ്യ കായിക പഠന പദ്ധതികൾ നടപ്പിലാക്കുക
- കായികക്ഷമത വർദ്ധിപ്പിക്കുക.
- വൈജ്ഞാനിക മേഖലയുടെ തലത്തിൽ നിന്നുകൊണ്ട് ആരോഗ്യ കായിക പാഠ്യപദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്ക് ആക്കം കൂട്ടുക.
- ആരോഗ്യവും കായികക്ഷമതയും ഉറപ്പാക്കുക. അത് എത്രത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുക.

സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.-ക്ക്

16(*106) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം പി.എസ്.സി.-ക്ക് വിട്ടതിനുശേഷം നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പി.എസ്.സി വഴി അടിയന്തരമായി നിയമനം നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ&ബി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള 18-12-2010-ലെ തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാലാ നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളു. ഇങ്ങനെ നടത്തുന്ന നിയമനിർമ്മാണങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ല. നിലവിലുള്ള നിയമ വ്യവസ്ഥ അനുസരിച്ച് സർവ്വകലാശാല നടത്തിയ പരീക്ഷകളും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളും റദ്ദാക്കാൻ ആവുകയില്ല, അങ്ങനെ ചെയ്താൽ അതിന് നിയമസാധുതയും ഉണ്ടാവുകയില്ല.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികയിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുകയും റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകുന്നതിന് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന വിധം ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പിനെ ചുമതലപ്പെടുത്തുകയും സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികയിലേക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുസരിച്ച് ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 4-2-2011-ന് സ.ഉ. (എം.എസ്) നമ്പർ 11/2011/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ നയരേഖ

17(107) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ നയരേഖ തയ്യാറാക്കുന്നതിനായി പ്രൊഫ. യു. ആർ. അനന്തമൂർത്തി ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ലഭിച്ചത് ;

(ബി) പ്രസ്തുത കമ്മിറ്റി ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ശിപാർശ ചെയ്തിരിക്കുന്നത് ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ശിപാർശകൾ ഭരണഘടനാപരമായി നിലനിൽക്കുന്നതാണോയെന്ന് ബിസിനസ് ചട്ടങ്ങൾ അനുസരിച്ച് നിയമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly